കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ആഫീസ്,കോട്ടയം

നമ്പർ: **പി.എൽ/10 /09/ഡി.ഒ.കെ** കോട്ടയം
29.09.2009

## <u>വിജ്ഞാപനം</u>

31.12.05 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കോട്ടയം ജില്ലയിൽ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി നേരിട്ടും (കാറ്റഗറി നമ്പർ:223/05) തസ്തികമാറ്റം മുഖേനയും (കാറ്റഗറി നമ്പർ:224/05) 03.03.2007 –ൽ പ്രസിദ്ധീകരിച്ച സംയോജിത ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി 06.10.2007, 31.03.2009 (സപ്ളിമെന്ററി പരീക്ഷ) തീയതികളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ കേട്ടെഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ താൽക്കാലികമായി യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ചുവടെ ചേർക്കുന്നു.

പരീക്ഷാ രജിസ്റ്റർ നമ്പരിന്റെ ക്രമത്തിൽ മാത്രമാണ് നമ്പരുകൾ പ്രസിദ്ധീകരിക്കുന്നത്. രജിസ്റ്റർ നമ്പരുകളുടെ ക്രമീകരണം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥികളുടെ റാങ്ക് ക്രമീകരണത്തെ സൂചിപ്പിക്കുന്നില്ല.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥി കളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.

രജിസ്റ്റർ നമ്പരുകൾക്ക് മുമ്പായി ‘K’ ചേർത്ത് വായിക്കേണ്ടതാണ്.

# <u>LIST- I</u>

| | | | | | | |
|---|---|---|---|---|---|---|
| 201 | 202 | 203 | 204 | 205 | 206 | 207 |
| 208 | 209 | 210 | 211 | 212 | 213 | 214 |
| 215 | 216 | 217 | 218 | 219 | 221 | 222 |
| 223 | 224 | 225 | 226 | 227 | 228 | 229 |
| 230 | 231 | 232 | 233 | 234 | 235 | 236 |
| 237 | 238 | 239 | 240 | 241 | 251 | 252 |
| 253 | 254 | 255 | 256 | 257 | 258 | 259 |
| 260 | 261 | 263 | 265 | | | |

## SUPPLEMENTARY LIST
## NIL

## LIST – II (BY TRANSFER)

## NIL

## <u>LIST-III</u>

(3% Vacancies reserved for Physically Handicapped Candidates vide G.O.(P) No.50/2007/SWD dtd. 15.09.2007)

Orthopaedically Handicapped, Deaf, Deaf and Dumb candidates

## NIL

**<u>കുറിപ്പ്: 1</u>** അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായിട്ടാണ് ഈ പട്ടികയിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ എഴുതാത്ത യാതൊരു അവകാശവും തുടർന്ന് സ്വീകരിക്കുന്നതല്ല.

3. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ അതായത് യോഗ്യത, ജനനത്തീയതി, ജാതി, പരിചയം, ആഫീസ് മേലധികാരിയിൽ നിന്നുള്ള രസീത് എന്നിവയും മറ്റാനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ അസ്സൽ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ യാതൊരുകാരണവശാലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

4. ഈ സാധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 19.12.2008 –ലെ സർക്കാർ ഉത്തരവ് നമ്പർ 117/2008/എസ്.സി / എസ്.ടി / ഡി.ഡി പ്രകാരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ആയത് രേഖകളുടെ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. ജാതി, സമുദായം സംവരണത്തിനായി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ തഹസീൽദാരിൽ നിന്നും ഒരു വർഷത്തിനുള്ളിൽ ലഭിച്ച ജാതി സർട്ടിഫിക്കറ്റും അതിന്റെ രണ്ടു പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

5. നിലവിലുള്ള നടപടിക്രമമനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ഉത്തരക്കടലാസ് പുനഃപരിശോധന നടത്തുന്നതല്ല. എന്നാൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം സാധ്യതാപട്ടികയിൽ ഉൾപ്പെട്ടവർ ഉൾപ്പടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസുകൾ പുനഃപരിശോധിക്കാൻ അവസരം ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉണ്ടായിരിക്കുന്നതാണ്.

6. സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾ നേരിട്ട് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് നിശ്ചയിച്ചിട്ടുള്ള ദിവസം കൃത്യസമയത്ത് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.

7. **അസ്സൽപ്രമാണങ്ങളുടെ പരിശോധന 16.10.2009 (വെള്ളിയാഴ്ച) രാവിലെ 10.00 മണിയ്ക്ക് പി.എസ്.സി.യുടെ കോട്ടയം ജില്ലാ ആഫീസിൽ (മുട്ടമ്പലം, കോട്ടയം) വച്ച് നടത്തുന്നതാണ്.** രേഖകളുടെ പരിശോധനയ്ക്കുശേഷം ആവശ്യമായ പ്രമാണങ്ങളുടെ പകർപ്പുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളുടേയും അപേക്ഷയിൽ മറ്റ് ഏതെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടേയും രജിസ്റ്റർ നമ്പരുകൾ ഒരറിയിപ്പും കൂടാതെ ഈ സാധ്യതാപട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

8. നിലവിലുള്ള നടപടിക്രമം അനുസരിച്ച് ഉത്തരക്കടലാസ് പുനഃമൂല്യനിർണ്ണയം അനുവദനീയമല്ല. എന്നാൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം നിശ്ചിത ഫീസായ **50 രൂപ** (അൻപതു രൂപാ മാത്രം) **"0051- പി.എസ്.സി–105 സ്റ്റേറ്റ് പി.എസ്.സി 99 – എക്സാമിനേഷൻ ഫീ** എന്ന അക്കൗണ്ട് ഹെഡിൽ സംസ്ഥാനത്തെ എതെങ്കിലും ട്രഷറിയിൽ ഒടുക്കുന്നപക്ഷം ഉത്തരക്കടലാസ്സിന്റെ പുനഃ പരിശോധന നടത്തുന്നതാണ്. സാദ്ധ്യതാപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം പുനഃ പരിശോധന അനുവദിച്ചിട്ടില്ല. കമ്മീഷന്റെ വിവിധ ഓഫീസുകളിലെ എൻക്വയറി വിഭാഗത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്നതോ, കമ്മീഷന്റെ വെബ് സൈറ്റായ www.keralapsc.org. ൽ നിന്നും ഡൗൺ ലോഡ് ചെയ്ത് A4 size പേപ്പറിൽ പ്രിന്റ് എടുത്തതോ ഇവയിൽ നിന്നും ഫോട്ടോ കോപ്പി ചെയ്തതോ ആയ നിശ്ചിത ഫോറത്തിൽ തന്നെ പുനഃ പരിശോധനയ്ക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുനഃപരിശോധനയ്ക്കായുള്ള അപേക്ഷയോടൊപ്പം നിശ്ചിതഫീസ് ഒടുക്കിയതിനുള്ള അസ്സൽ ചെലാൻ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.

**(കമ്മീഷന്റെ ഉത്തരവിൻപ്രകാരം)**

(ഒപ്പ്)
**ലൈലാദാസ്**
ജില്ലാ ആഫീസർ
കേരള പബ്ളിക് സർവീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കോട്ടയം

ak.doktm4